# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ

**FARM INFORMATION BUREAU**

Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : Nizam S A

Editor : Dr. Binu Harriet Ivan

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 26/08/2024

1. 2024-25 വർഷത്തിൽ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് കാർഷിക യന്ത്രവൽക്കരണം കൈതാങ്ങ് (Support to Farm Mechanization) എന്ന പദ്ധതിയിൽ കേരളത്തിലെ കർഷകർക്ക് കാർഷിക യന്ത്രങ്ങളുടെ സർവ്വീസ്/അറ്റകുറ്റപ്പണികൾക്ക് ഏകദിന ക്യാമ്പുകൾ സംഘടിപ്പിക്കുന്നു. ജില്ലയിലെ കാർഷിക എഞ്ചിനീയറിംഗ് ഓഫീസ് നേതൃത്വം നൽകിയാണ് ക്യാമ്പുകൾ സംഘടിപ്പിക്കുന്നത്. ക്യാമ്പിൽ പങ്കെടുത്ത് റിപ്പയർ ചെയ്ത് ഉപയോഗക്ഷമമാകുന്ന ചെറിയ ഇടത്തര കാർഷിക യന്ത്രങ്ങൾക്ക് സേവന വേതനം കൊടുക്കേണ്ടതില്ല. സർവ്വീസ് ചെയ്യുമ്പോൾ ആവശ്യമായി വരുന്ന ചെറിയ സ്പെയർ പാർട്സുകൾ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് തന്നെ വാങ്ങി പ്രവർത്തനക്ഷമമാക്കുന്നതാണ്. സർവ്വീസ് ആവശ്യമായി വരുന്ന വലിയ മെഷിനുകളായ ട്രാക്ടർ, കമ്പൈൻ ഹാർവെസ്റ്റർ എന്നിവയുടെ സ്പെയർ പാർട്സുകൾക്കും, സേവന വേതനത്തിനും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് സബ്സിഡി സഹായം നൽകുന്നതാണ്. ഒരു ജില്ലയിൽ ഇരുപത് ക്യാമ്പുകളാണ് വിഭാവനം ചെയ്തിരിക്കുന്നത്. 2024 സെപ്റ്റംബർ മാസം ഒന്നാം ഘട്ടവും, 2025 ജനുവരി മാസം രണ്ടാം ഘട്ടവുമായാണ് ക്യാമ്പ് സംഘടിപ്പിക്കുന്നത്. കൂടുതൽ വിവരങ്ങൾക്ക് 9447462572 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

2. വനമിത്ര അവാർഡ് ജൈവവൈവിധ്യ സംരക്ഷണ രംഗത്തെ അനുകരണീയ പ്രവർത്തനങ്ങൾക്ക് സംസ്ഥാന വനം വന്യജീവി വകുപ്പ് 2024-25 വർഷത്തിൽ വനമിത്ര അവാർഡ് നൽകുന്നു. 25,000 രൂപയും ഫലകവുമടങ്ങുന്നതാണ് അവാർഡ്. കണ്ടൽക്കാടുകൾ, കാവുകൾ, ഔഷധ സസ്യങ്ങൾ, കാർഷികം, ജൈവവൈവിധ്യം മുതലായവ പരിരക്ഷിക്കുന്ന പ്രവർത്തനങ്ങൾക്ക് ഓരോ ജില്ലയിൽനിന്നും ഒരു അവാർഡ് വീതം നൽകും.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

## FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

തിരുവനന്തപുരം ജില്ലയിലെ താൽപര്യമുള്ള വ്യക്തികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, കർഷകർ എന്നിവർക്ക് തിരുവനന്തപുരം രാജീവ് ഗാന്ധി നഗറിലെ (പി.റ്റി.പി) സോഷ്യൽ ഫോറസ്ട്രി വിഭാഗം അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് ആഗസ്റ്റ് 31 വരെ അപേക്ഷ സമർപ്പിക്കാം. കൂടുതൽ വിവരങ്ങൾക്ക് 9447979135 എന്ന നമ്പരിൽ ബന്ധപ്പെടുക.

3. തൃശ്ശൂർ കൃഷി വിജ്ഞാന കേന്ദ്രത്തിൽ ഈ മാസം 27 ന് ബിവി 380 കോഴിക്കുഞ്ഞുങ്ങൾ 160 രൂപ നിരക്കിൽ വില്പന ആരംഭിക്കുന്നതാണ്. ബുക്കിങ്ങിനായി 9400483754 എന്ന നമ്പറിൽ രാവിലെ 10 മണി മുതൽ 4 മണി വരെ ബന്ധപ്പെടാവുന്നതാണ്.

### പരിശീലന പരിപാടി

4. കണ്ണൂർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വെച്ച് 2024 ആഗസ്റ്റ് മാസം 30, 31 തീയ്യതികളിൽ പശു വളർത്തൽ, മുട്ടക്കോഴി വളർത്തൽ എന്നീ വിഷയങ്ങളിൽ പരിശീലനം നൽകുന്നു. പരിശീലന ക്ലാസിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്ന കണ്ണൂർ, കാസർ ഗോഡ്, കോഴിക്കോട് ജില്ലകളിലെ കർഷകർ 29/08/2024 ന് മുമ്പായി പരിശീലന കേന്ദ്രത്തിൽ 04972-763473, 9946624167 എന്നീ ഫോൺ നമ്പരുകളിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് പ്രിൻസിപ്പൽ ട്രെയിനിംഗ് ഓഫീസർ അറിയിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടേണ്ടതാണ്.

5. വെള്ളായണി കാർഷിക കോളേജ് ട്രെയിനിങ് സർവീസ് സ്കീമിന്റെ ആഭിമുഖ്യത്തിൽ ഈ മാസം 29ന് രാവിലെ 9.30 മുതൽ 4.30 വരെ ബഡ്ഡിങ്, ഗ്രാഫ്റ്റിംഗ്, ലയറിങ് എന്ന വിഷയത്തിൽ ഏകദിന പരിശീലന പരിപാടി നടത്തുന്നു. പരിശീലന ഫീസ് 500 രൂപ. താല്പര്യമുള്ളവർ രജിസ്റ്റർ ചെയ്യുന്നതിനായി 8891540778 എന്ന ഫോൺ നമ്പറിൽ വിളിക്കുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

6. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) ‘‘പഴം-പച്ചക്കറി സംസ്കരണവും വിപണനവും’’ എന്ന ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. കോഴ്സിന്റെ ദൈർഘ്യം മൂന്ന് മാസമാണ്. താല്പര്യമുള്ളവർക്ക് www.celkau.in എന്ന വെബ്സൈറ്റിലെ ‘ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ്’ എന്ന ലിങ്കിൽ നിന്നും രജിസ്ട്രേഷൻ ഫോറം പൂരിപ്പിച്ചു സമർപ്പിക്കാവുന്നതാണ്. 50% മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത. 2024 സെപ്റ്റംബർ 11, ബുധനാഴ്ച്ച ആരംഭിക്കുന്ന ഈ കോഴ്സിലേക്ക് രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി 2024 സെപ്റ്റംബർ 10 ആണ്. കൂടുതൽ വിവരങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 04872438565, 8547837256, 9497353389 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം